ഉത്തരം

(എ) അക്ഷയ പദ്ധതി മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആന്റ് (സി) അക്ഷയ പദ്ധതി ഈ വർഷം കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ജില്ലകളിൽ നടപ്പാക്കിത്തീരുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

കൊച്ചിയിലെ ട്രാഫിക് ജാം

105 [1625] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി, മറീന, ലിക്വിഡ് നാച്ചുറൽ ഗ്യാസ് ടെർമിനൽ തുടങ്ങിയ ധാരാളം മേജർ പ്രോജക്ടുകൾ കൊച്ചിയിൽ വരുന്ന സാഹചര്യത്തിൽ, ഈ പ്രോജക്ടുകളുടെ സമയബന്ധിതമായ നടത്തിപ്പിന് ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കൊച്ചി നഗരത്തിലെ അനിതര സാധാരണമായ ട്രാഫിക് ജാം ഒഴിവാക്കുന്നതിന് എന്തു നടപടികളാണ് എടുക്കുവാൻ പോകുന്നത് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇത്തരം പദ്ധതികളിൽ ആവശ്യമായ സ്ഥലം കണ്ടെത്തി താമസംവിനാ ലഭ്യമാക്കുക എന്നുള്ള ചുമതലയാണ് നടപ്പിലാക്കുന്നത്. ഒപ്പം തന്നെ പദ്ധതികൾക്കാവശ്യമായ സംസ്ഥാന തലത്തിലുള്ള അനുമതികൾ നൽകുകയും ചെയ്യുന്നു.

(ബി) നിലവിലുള്ള അംഗബലം ഉപയോഗിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിയുന്നത്ര ഗതാഗത നിയന്ത്രണങ്ങൾ പോലീസ് നടത്തിവരുന്നുണ്ട്.

കൊച്ചിയിൽ പെട്രോ കെമിക്കൽ പ്ലാന്റും പുനർവാതകീകരണപ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടി

106 [1626] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. വി. ജെ. പൗലോസ് :

ശ്രീമതി രാധാരാഘവൻ :

ശ്രീ. എം. എ. വാഹിദ് :

,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly